
ബൈബിൾ ചിത്രകഥ
പുതിയ ആകാശം പുതിയ ഭൂമി

ബൈബിൾ ചിത്രകഥ - 50

# പുതിയ ആകാശം പുതിയ ഭൂമി

ദൈവം തിന്മയ്ക്ക് അറുതി വരുത്തുകയും തിന്മയ്ക്കധീനമായ ലോകത്തെ പൂർണ്ണമായി നവീകരിക്കുകയും ചെയ്യുന്നതോടെ രക്ഷാചരിത്രം അതിന്റെ ലക്ഷ്യത്തിലെത്തുന്നു. വേദനയും നിലവിളിയും മരണവും കണ്ണീരുമില്ലാത്ത, പരിപൂർണ്ണവും സനാതനവുമായ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ചിത്രം വരച്ചുകാട്ടിക്കൊണ്ടാണ് ബൈബിൾ അവസാനിക്കുന്നത്.

അതിമനോഹരമായ സന്ദേശം ഉൾക്കൊള്ളുന്നതാണെങ്കിലും മനസ്സിലാക്കാൻ ഏറെ വിഷമമുള്ള ഒന്നാണ് വെളിപാടു പുസ്തകം. കാരണം നമുക്ക് അപരിചിതമായ അനേകം പ്രതീകങ്ങളിലൂടെയാണ് വി. ഗ്രന്ഥകാരൻ സന്ദേശം അവതരിപ്പിച്ചിരിക്കുന്നത്. പുസ്തകം എഴുതപ്പെട്ട സാഹചര്യം അന്നു പ്രചാരത്തിലിരുന്ന സാഹിത്യരൂപങ്ങളുമാണ് പ്രതീകങ്ങളുടെ ഭാഷ ഉപയോഗിക്കാൻ കാരണമായത്.

ഏ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം റോമാസാമ്രാജ്യത്തിലുടനീളം അതിഭീകരമായ മതമർദ്ദനത്തിനിരയായ ക്രിസ്ത്യാനികൾക്കു ധൈര്യവും പ്രത്യാശയും നല്കുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് വെളിപാടു പുസ്തകം എഴുതപ്പെട്ടത്. മതമർദ്ദനം നടത്തുന്നത് പ്രത്യക്ഷത്തിൽ റോമാ ചക്രവർത്തിയാണെങ്കിലും, യഥാർത്ഥത്തിൽ മതപീഡനങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നത് സാത്താൻ തന്നെയാണ്. തിന്മയുടെ ശക്തികൾ ക്രിസ്തുവിന്റെ സഭയ്ക്കെതിരേ നടത്തുന്ന പോരാട്ടമാണ് മതമർദ്ദനം. വാസ്തവത്തിൽ നന്മയും തിന്മയും തമ്മിൽ, ദൈവവും സാത്താനും തമ്മിൽ നടക്കുന്ന നിർണ്ണായകമായ യുദ്ധമാണത് എന്ന് വി. ഗ്രന്ഥകാരൻ പഠിപ്പിക്കുന്നു. ഇത്ര വിശാലമായൊരു പ്രമേയത്തെപ്പറ്റി പ്രതീകങ്ങളിലൂടെ മാത്രമേ പ്രതിപാദിക്കാൻ കഴിയൂ.

അതിമനോഹരവും അതിഭീകരവുമായ ചിത്രങ്ങൾ ഈ ഗ്രന്ഥത്തിൽ ഇടകലർന്നു പ്രത്യക്ഷപ്പെടുന്നു. ദൈവികമായതെല്ലാം മനോഹരമാണ്, പൈശാചികമായവ ഭീകരവും. സർപ്പം, മൃഗം, വേശ്യ മുതലായവ അനേകം പ്രതീകങ്ങളിലൂടെ സാത്താന്റെ

പ്രവർത്തനങ്ങളെ ചിത്രീകരിക്കുന്നു. കുഞ്ഞാട്, മണവാട്ടി, പുതിയ ജറുസലെം, പറുദീസ തുടങ്ങിയ നിരവധി പ്രതീകങ്ങൾ ക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയെ വിവരിക്കുന്നു.

പീഡനങ്ങളെ ഭയന്നോ തിന്മയുടെ വശീകരണങ്ങൾക്കു വഴിപ്പെട്ടോ വിശ്വാസം ത്യജിക്കാതിരിക്കാൻ ക്രിസ്ത്യാനികളെ ഉദ്ബോധിപ്പിക്കുന്ന വി. ഗ്രന്ഥം പാപികൾക്കുള്ള ഭീകരമായ ശിക്ഷയും മരണംവരെ വിശ്വസ്തരായി നില്ക്കുന്നവർക്കു ലഭിക്കാനിരിക്കുന്ന സ്വർഗ്ഗഭാഗ്യവും വ്യക്തമായ നിറങ്ങളിൽ ചിത്രീകരിക്കുന്നുണ്ട്. റോമാസാമ്രാജ്യത്തിന് മേൽ നിപതിക്കുന്ന ശിക്ഷാവിധി ദൈവത്തെ എതിർക്കുന്ന സകലർക്കും സംഭവിക്കാനിരിക്കുന്ന നിത്യനാശത്തിന്റെ പ്രതീകമാണ്. നവീകരിക്കപ്പെട്ട പുതിയ ആകാശവും പുതിയ ഭൂമിയുമാകട്ടെ വിശ്വസ്തർക്കു ലഭിക്കാനിരിക്കുന്ന നിത്യഭാഗ്യത്തെ സൂചിപ്പിക്കുന്നു.

വെളിപാടുപുസ്തകത്തിലെ അനേകം ദൃശ്യങ്ങളിൽ ചിലതു മാത്രമാണ് ഈ കഥയിൽ ചിത്രീകരിച്ചിരിക്കുന്നത്. നന്മയുടെ മനോഹാരിതയും തിന്മയുടെ ഭീകരതയും സൂചിപ്പിക്കുന്ന ചിത്രങ്ങൾ പാപം വർജ്ജിക്കാനും ത്യാഗം സഹിച്ചും വിശ്വാസത്തിൽ ഉറച്ചു നില്ക്കാനും ഉള്ള തീരുമാനത്തിനാണ് നമ്മെ പ്രേരിപ്പിക്കേണ്ടത്. "കർത്താവായ യേശുവേ, വരണമേ" എന്ന പ്രാർത്ഥനയ്ക്ക് "ഇതാ ഞാൻ വേഗം വരുന്നു" എന്ന നാഥന്റെ വാഗ്ദാനം നമുക്കും ധൈര്യവും പ്രത്യാശയും പ്രദാനം ചെയ്യണം.

ബൈബിൾ ചിത്രകഥ-50

# പുതിയ ആകാശം


# പുതിയ ഭൂമി


രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി


ക്രിസ്ത്യാനികളെ ക്രൂരമായി പീഡിപ്പിച്ച നീറോ ചക്രവർത്തി എ.ഡി. 68 ൽ ആത്മഹത്യ ചെയ്തു. തുടർന്നുണ്ടായ ആഭ്യന്തര കലാപത്തിൽ ഒറ്റ വർഷത്തിനകം മൂന്നു ചക്രവർത്തിമാർ കൊല്ലപ്പെട്ടു. കലാപം അവസാനിപ്പിച്ച് 69 ൽ ചക്രവർത്തിയായ വെസ്പരിയാൻ 79 ൽ മരിച്ചപ്പോൾ മൂത്തമകൻ ടൈറ്റസ് രാജ്യഭരണം ഏറ്റെടുത്തു. 81 ൽ അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് അനുജൻ ഡൊമീഷ്യൻ ചക്രവർത്തിയായി.





താമസിയാതെ രാജാവിനെ ദൈവവും കർത്താവുമായി ഏറ്റുപറഞ്ഞ് ധൂപമർപ്പിക്കുന്നത് രാജഭക്തിയുടെ അടയാളമായി കരുതപ്പെട്ടു. അതിനു വിസമ്മതിക്കുന്നത് രാജദ്രോഹകുറ്റവും.
പുതിയ ആരാധനയെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായമെന്താണ്?
എല്ലാവർക്കും വലിയ താല്പര്യമാണ്. പട്ടണങ്ങളിലെല്ലാം പുതിയ ആരാധനാലയങ്ങൾ ഉയരുന്നു.
എന്നാൽ ഒരു വിഭാഗം മാത്രം മാറി നില്ക്കുകയാണ്.
ആരാണവർ?
ക്രിസ്ത്യാനികൾ. അവർ അദൃശ്യനായ ഒരു ദൈവത്തെ മാത്രമേ ആരാധിക്കൂ. ക്രിസ്തുവിനെ മാത്രമേ രാജാവായി അംഗീകരിക്കൂ.
ക്രിസ്ത്യാനികൾ ആയിരിക്കുക എന്നത് മരണശിക്ഷയർഹിക്കുന്ന കുറ്റമായി പ്രഖ്യാപിച്ചതല്ലേ?
പറയുന്നതു ക്ഷമിക്കണം. ആ നിയമം അങ്ങയുടെ പിതാവും സഹോദരനും നടപ്പിലാക്കിയിരുന്നില്ലേ?
നാം അതു നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു. മാത്രമല്ല, എല്ലാ മനുഷ്യരും ചക്രവർത്തിയുടെ പേര് കയ്യിൽ ചുട്ടി കുത്തണം.
!!
ധൂപമർപ്പിക്കുന്നവർക്കു സാക്ഷിപത്രം നല്കുക. അതില്ലാത്തവരെ തിരഞ്ഞുപിടിക്കുക. അവർക്കു ജീവിക്കാൻ അവകാശമില്ല.


തുടർന്ന് ക്രിസ്ത്യാനികൾ ഭീകരമായ മതപീഡനത്തിനിരയായി. അനേകർ ക്രൂരമായി വധിക്കപ്പെട്ടു. എഫേസോസിൽവച്ച് അപ്പസ്തോലൻ യോഹന്നാനെ തിളയ്ക്കുന്ന എണ്ണയിലിട്ടു.
നിന്റെ ക്രിസ്തുവിന് നിന്റെ പൊരിച്ച മാംസം ഇഷ്ടമാകും.
ഇയാൾക്ക് ഒരു വേദനയുമില്ലെന്നു തോന്നുന്നല്ലോ!
?!!
എന്റെ കർത്താവ് എന്നെ കൈവിടുകയില്ല.
തിളയ്ക്കുന്ന എണ്ണയിൽനിന്നും പുറത്തെടുത്തപ്പോൾ
ഇയാളെ കഴുത്തു വെട്ടി കൊല്ലാം.
വേണ്ട, നാടുകടത്താം.
യോഹന്നാനെ അവർ പാത്മോസ് ദ്വീപിലേക്കു നാടുകടത്തി.


മാസങ്ങൾക്കുശേഷം
ഈ കത്തുകൾ ഭദ്രമായി സൂക്ഷിക്കണം. പടയാളികളുടെ കൈകളിൽ അകപ്പെടാതെ എഫേസോസിലെ സഹോദരന്മാർക്കു കൊടുക്കുക. എല്ലാ ക്രിസ്ത്യാനികളും ഇതു വായിക്കട്ടെ.
ഞങ്ങൾ താമസിയാതെ വീണ്ടും വരാം. സഭ മുഴുവൻ അങ്ങേയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്.
എന്റെ കാര്യത്തിൽ നിങ്ങൾ ആകുലരാകേണ്ടാ. വിശ്വാസത്തിൽ ഉറച്ചു നില്ക്കാൻ സഹോദരങ്ങളോടു പറയണം.
അനേകർ വിശ്വാസത്തിന്റെ പേരിൽ മരിച്ചു. അവർക്ക എന്തു സംഭവിക്കും?
എന്നാണ് നാഥൻ മടങ്ങിവരുക? ഈ പീഢനത്തിന് ഒരറുതിയില്ലേ?
നാഥൻ മടങ്ങിവരാൻ വൈകില്ല. അതിനു മുമ്പു നാം കുറച്ചുകൂടി സഹിക്കേണ്ടതുണ്ട്.
അവർ പോയിക്കഴിഞ്ഞപ്പോൾ
ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവയെക്കുറിച്ച് ദൈവം നല്കിയ വെളിപാട്.


നീ കാണുന്നത് ഒരു
ഗ്രന്ഥത്തിൽ എഴുതി
ഏഷ്യയിലെ സഭകൾക്ക്
അയച്ചുകൊടുക്കുക.
കർത്താവിന്റെ ദിനത്തിൽ ഞാൻ ആത്മാവിൽ ലയി ച്ചിരിക്കേ....



ഭയപ്പെടേണ്ട,
ഞാനാണ് ആദിയും
അന്തവും. ഞാൻ
മരിച്ചവനായിരുന്നു.
എന്നാൽ ജീവിക്കുന്നു.
എഴുതുക...



വെളിപാടു പുസ്തകത്തിലെ
ഏഴു സഭകൾ
കരിങ്കടൽ
മക്കെദോനിയാ
ഇത്താലിയാ
റോമാ
പെർഗാമോസ്
തിയത്തീറാ
സ്മിർണാം
സാർദിസ്
ഫിലാദെൽഫിയാ
ആഥൻസ്
പാത്മോസ്സ്
എഫേസോസ്
ലാവോദിക്യാ
അന്തിയോക്യാ
സൈപ്രസ്
ക്രേത്തേ
മദ്ധ്യധരണ്യാഴി
ജറുസലെം
അലക്സാണ്ട്റിയാ
ആഫ്റിക്കാ



ഇതിനുശേഷം സ്വർഗ്ഗത്തിൽ ഒരു തുറന്ന വാതിൽ പ്രത്യക്ഷപ്പെട്ടു.
കയറിവരൂ! ഇനിയും സംഭവിക്കാനിരിക്കുന്നവ ഞാൻ നിനക്കു കാണിച്ചു തരാം.


നിത്യനായ ദൈവം
പരിശുദ്ധൻ. പരിശു
ദ്ധൻ. പരിശുദ്ധൻ.


ഈ മുദ്രകൾ പൊട്ടിച്ച്
ചുരുൾ നിവർത്താൻ അർ
ഹതയുള്ള ആരുണ്ട്?


ഈ ചുരുൾ നിവർത്തി രക്ഷാപദ്ധതി നടപ്പിലാക്കാൻ കഴിവുള്ള ആരുമില്ലല്ലോ...
കരയാതിരിക്കൂ! അതാ, ദാവീദിന്റെ പുത്രൻ. അവൻ മുദ്രകൾ പൊട്ടിച്ച് ചുരുൾ നിവർത്താൻ, തന്റെ മരണത്തിലൂടെ ലോകത്തെ ജയിച്ച്, അർഹത നേടിയിരിക്കുന്നു.


ചുരുൾ സ്വീകരിക്കാനും മുദ്ര പൊട്ടിക്കാനും നീ യോഗ്യനാണ്. കാരണം നിന്റെ രക്തത്താൽ സകല ജനതകൾക്കും നീ രക്ഷ പ്രദാനം ചെയ്തിരിക്കുന്നു.


കുഞ്ഞാട് മുദ്രകൾ ഓരോന്നായി
പൊട്ടിച്ചപ്പോൾ തിന്മയുടെ മേലുള്ള
ശിക്ഷാവിധി ആരംഭിച്ചു.
അവൻ വിജയകിരീടം സ്വീകരിച്ച്
ജൈത്രയാത്ര തുടങ്ങി.
ഭൂമിയിൽ യുദ്ധവും കലാപങ്ങളും ഉണ്ടായി.
ദാരിദ്ര്യംകൊണ്ട് ജനങ്ങളെല്ലാം വലഞ്ഞു.
ഇടങ്ങഴി ഗോത
മ്പിന് ഒരു ദെനാറാ.


പട്ടിണിയും പകർച്ചവ്യാധികളും വഴി അവൻ ഭൂമിയിലെങ്ങും മരണം വിതച്ചു.


അഞ്ചാമത്തെ മുദ്ര തുറന്നപ്പോൾ
അങ്ങയുടെ വചനത്തെപ്രതി വധിക്കപ്പെട്ട ഞങ്ങൾക്കു നീതി ലഭിക്കാൻ കർത്താവേ, ഇനിയും എത്രനാൾ കാത്തിരിക്കണം?


അവർക്കു വിജയത്തിന്റെ അടയാളമായ വെള്ള വസ്ത്രം നല്കപ്പെട്ടു.
നിങ്ങളെപ്പോലെ വധിക്കപ്പെടാനിരിക്കുന്നവരുടെ എണ്ണം തികയുന്നതു വരെ അല്പസമയംകൂടി വിശ്രമിക്കുവിൻ.


ആറാമത്തെ മുദ്ര തുറന്നപ്പോൾ പ്രപഞ്ചശക്തികൾ ഇളകി. മനുഷ്യരെല്ലാം പേടിച്ചുവിറച്ച് ഒളിക്കാൻ ശ്രമിച്ചു.
മലകളേ, ഞങ്ങളുടെമേൽ വീഴുവിൻ. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ക്രോധത്തിൽനിന്നു ഞങ്ങളെ മറയ്ക്കുവിൻ.


ഭൂമിയെ കാത്തു സൂക്ഷിക്കുന്ന ദൈവത്തിന്റെ പരിപാലകനെ സൂചിപ്പിക്കുന്ന നാലു ദൂതന്മാർ
ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിത്തടത്തിൽ മുദ്ര കുത്തിത്തീരുവോളം ഭൂമിയിൽ ഒരു നാശവും വരുത്തരുത്.

**ഭൂമിയെ സഭയുടെ അംഗങ്ങളെ മുഴുവൻ സൂചിപ്പിക്കുന്ന 144000 പേർ മുദ്രിതരായി. അതിനുശേഷം സംഖ്യാതീതമായ രക്ഷിക്കപ്പെട്ട ജനം പ്രത്യക്ഷപ്പെട്ടു.**





ഏഴാമത്തെ മുദ്ര തുറന്നപ്പോൾ


മറ്റൊരു ദൂതൻ എല്ലാ വിശുദ്ധരുടെയും പ്രാർത്ഥന, പരിമളദ്രവ്യം കലർത്തി, ദൈവത്തിനർപ്പിച്ചു.


ദൂതൻ പീഠത്തിലെ തീക്കനൽ കൊണ്ടു നിറച്ച ധൂപകലശം ഭൂമിയിലേക്കെറിഞ്ഞു.


കാഹളമേന്തിയ ഏഴു ദൂതന്മാരിൽ നാലുപേർ കടലിലും നദികളിലും ആകാശത്തും വലിയ അടയാളങ്ങളും നാശങ്ങളുമുണ്ടായി. അതിനുശേഷം
ഇനിയും മുഴങ്ങാനിരിക്കുന്ന കാഹളധ്വനി മൂലം ഭൂമിക്കു ദുരിതം, ദുരിതം, ദുരിതം!
അഞ്ചാമത്തെ ദൂതൻ കാഹളം മുഴക്കിയപ്പോൾ
ആകാശത്തു നിന്നു വീണ അയാൾക്കു പാതാളത്തിന്റെ താക്കോൽ നല്കപ്പെട്ടു.


പാതാളത്തിന്റെ വാതിൽ തുറന്നപ്പോൾ


പാതാളത്തിൽനിന്നു വന്ന വെട്ടുക്കിളികൾ



"നാശം" എന്നർത്ഥമുള്ള അബദ്ദോൻ ആണ് പാതാള സൈന്യത്തിന്റെ നായകൻ
അബദ്ദോൻ



നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാതിരുന്ന മനുഷ്യരെ അവർ അഞ്ചുമാസത്തേക്കു പീഡിപ്പിച്ചു.
ആ.... എന്നെ കൊല്ലൂ. ഈ വേദന സഹിക്കാനാവില്ല.


ആറാമത്തെ ദൂതൻ കാഹളം മുഴക്കിയപ്പോൾ
യൂഫ്രട്ടീസ് നദീതീരത്തു ബന്ധിതരായിക്കഴിയുന്ന നാലു ദൂതന്മാരെ അഴിച്ചുവിടുക.


നാശം വിതയ്ക്കുന്ന കുതിരപ്പട പാഞ്ഞടുത്തു.



നാല്പതുകോടി കുതിരപ്പടയാളികൾ ഭൂമിയിലുള്ള
മനുഷ്യരിൽ മൂന്നിലൊരു ഭാഗത്തെ കൊന്നൊടുക്കി.



ശക്തനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നിറങ്ങി വന്നു.
ദൂതന്റെ കയ്യിൽ
നിന്നു ചുരുൾ
വാങ്ങി ഭക്ഷിക്കുക.
അതു നിന്റെ വായിൽ
തേൻപോലെ മധുരി
ക്കും. എന്നാൽ ഉദര
ത്തിൽ കയ്പായിരി
ക്കും. നീ ഇനിയും
പ്രവചിക്കേണ്ടതുണ്ട്.


ഏഴാമത്തെ ദൂതൻ കാഹളം മുഴക്കിയപ്പോൾ
ലോകത്തിന്റെ ഭരണാധികാരിയായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ ജനതയെ പീഡിപ്പിക്കുന്നവരെ ശിക്ഷിക്കാനുള്ള സമയമായി.
അപ്പോൾ സ്വർഗ്ഗത്തിൽ വാഗ്ദാനപേടകം പ്രത്യക്ഷപ്പെട്ടു.
ദൈവജനത്തിന്റെ പ്രതീകമായ മറ്റൊരടയാളം കാണപ്പെട്ടു.



ആ സ്ത്രീ പ്രസവിക്കുന്ന കുഞ്ഞിനെ വിഴുങ്ങാൻ അഗ്നിമയനായ സർപ്പം അവളുടെ മുമ്പിൽ കാത്തുനിന്നു.
അവൾ പ്രസവിച്ച ആൺ കുഞ്ഞ് സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു. സ്ത്രീയാകട്ടെ മരുഭൂമിയിലേക്ക് ഓടിപ്പോയി.
സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായി. മിഖായേലും അവന്റെ ദുതന്മാരും സർപ്പത്തോടും അവന്റെ ദൂതന്മാരോടും പോരാടി.


പരാജയപ്പെട്ട സാത്താനായ സർപ്പം ഭൂമിയിലേക്ക് എറിയപ്പെട്ടു. അവൻ സ്ത്രീയെ നശിപ്പിക്കാൻ പുറപ്പെട്ടു. എന്നാൽ


സ്ത്രീയെ നശിപ്പിക്കാൻ കഴിയാഞ്ഞതിൽ കോപിച്ച സർപ്പം അവളുടെ സന്താനങ്ങളെ പീഡിപ്പിക്കാൻ തീരുമാനിച്ചു. അപ്പോൾ കടലിൽനിന്ന് ഒരു മൃഗം കയറിവന്നു.
ഈ മൃഗത്തെപ്പോലെ ആരുണ്ട്? ഇതിനോടു പൊരുതാൻ ആർക്കു കഴിയും?



ഭൂമിക്കിടയിൽനിന്ന് മറ്റൊരു മൃഗം കയറിവന്നു. ആദ്യത്തെ മൃഗത്തെ ആരാധിക്കാൻ അത് എല്ലാ ജനതകളെയും നിർബന്ധിച്ചു.
സർവ്വശക്തനായ മൃഗത്തിന്റെ പ്രതിമയെ എല്ലാവരും ആരാധിക്കണം. അവന്റെ നാമം വലതുകയ്യിലോ നെറ്റിയിലോ മുദ്രകുത്താത്തവർക്ക് ഇനി ഒരു വ്യാപാരവും സാധ്യമല്ല.
!!!?


സീയോൻ മലയിൽ ഒരു കുഞ്ഞാട് വിഗ്രഹാരാധനയ്ക്കു വിസമ്മതിച്ചതിനാൽ കൊല്ലപ്പെട്ട നൂറ്റിനാല്പത്തിനാലായിരം പേർ അവനോടുകൂടെ ഉണ്ടായിരുന്നു.
കർത്താവാം കുഞ്ഞാടാണെന്റെ ഇടയൻ....


സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു.
മഹാ ബാബിലോൺ വീണുപോയി. മൃഗത്തെ ആരാധിക്കുകയോ അതിന്റെ മുദ്ര സ്വീകരിക്കുകയോ ചെയ്യുന്നവർ കുഞ്ഞാടിന്റെ ക്രോധത്തിനിരയാകും.
അപ്പോൾ മേഘത്തിന്മേൽ മനുഷ്യപുത്രനെപ്പോലെ ഒരുവൻ പ്രത്യക്ഷപ്പെട്ടു.
ഭൂമിയിലെ വിള പാകമായിക്കഴിഞ്ഞു. കൊയ്ത് അറപ്പുരയിൽ ശേഖരിക്കുക.
മൂർച്ചയുള്ള അരിവാളുമായി മറ്റൊരു ദൂതൻ പ്രത്യക്ഷപ്പെട്ടു.
മുന്തിരിപ്പഴം പാകമായിരിക്കുന്നു. ശേഖരിച്ച് കർത്താവിന്റെ ക്രോധമാകുന്ന ചക്കിലിടുക.
ചക്കിൽനിന്ന് അധർമ്മികളുടെ രക്തം പ്രവഹിച്ചു.



പീഡനങ്ങളിലൂടെ മരണത്തിന്മേൽ വിജയം വരിച്ച
വർ അപ്പോൾ സ്വർഗ്ഗത്തിൽ വിജയഗീതം ആലപിച്ചു.
ശക്തനായ ദൈവമേ
നിത്യനായ രാജനേ നിൻ
വിധികൾ ന്യായമാം നിൻ
വഴികൾ നീതിയും....
അപ്പോൾ സ്വർഗ്ഗീയ ശ്രീകോവിലിന്റെ
തിരുനട തുറന്നു.
ദൈവത്തിന്റെ ക്രോധം നിറച്ച ഈ
പാത്രം ഭൂമിയിൽ ഒഴിക്കുവിൻ. ഇത്
അവസാനത്തെ മഹാമാരിയാണ്.


ഒന്നാമത്തെ ദൂതൻ പാത്രം ഭൂമിയിലേക്ക് ഒഴിച്ചപ്പോൾ മൃഗത്തിന്റെ മുദ്രവഹി ച്ചിരുന്നവരുടെ ശരീരത്തിൽ ദുർഗന്ധം വമിക്കുന്ന വ്രണങ്ങളുണ്ടായി.




മറ്റു ദൂതന്മാർ പാത്രങ്ങൾ ഒഴിച്ചപ്പോൾ കടൽജീവികൾ ചത്തൊടുങ്ങി. നദീജലം രക്തമായി. മനുഷ്യർ അഗ്നിയിൽ വെന്തെരിഞ്ഞു. മൃഗത്തിന്റെ സാമ്രാജ്യം കൂരി രുട്ടിലാണ്ടു. തവളകളെപ്പോലുള്ള അശുദ്ധാത്മാക്കൾ പ്രത്യക്ഷപ്പെട്ടു.




ഹർമാഗദോനിൽ ഒരുമിച്ചു കൂടിയ അധർമ്മികളുടേമേൽ ഏഴാമത്തെ ദൂതൻ തന്റെ പാത്രം ഒഴിച്ചു.



അപ്പോൾ മറ്റൊരട യാളം പ്രത്യക്ഷപ്പെട്ടു.
അതാണു മഹാവേശ്യയായ ബാബി ലോൺ. ജനതകളെ വിഗ്രഹാരാധന യ്ക്കു പ്രേരിപ്പിക്കുന്ന, വിശുദ്ധരുടെ രക്തം കുടിച്ച് ഉന്മത്തയായ സാമ്രാജ്യമാണത്.
പ്രഭോ, ഏഴു തല യുള്ള ആ മൃഗം കടലിലാണോ നില്ക്കുന്നത്?



നീ കാണുന്ന കടൽ ലോകജനതകളാണ്. ലോകം മുഴുവൻ അടക്കി വാഴുന്ന ആ നഗരം ഏഴുമലകളിലായി സ്ഥിതി ചെയ്യുന്നു.
റോമാ!
ആ മൃഗം കുഞ്ഞാടിനോടു യുദ്ധം ചെയ്തു പരാജയപ്പെടുമ്പോൾ തന്റെമേൽ ഇരിക്കുന്ന സ്ത്രീയ്ക്കെതിരേ തിരിയും.



ഈ തിരികല്ലു കടലിൽ താഴുന്നതുപോലെ മഹാനഗരമായ ബാബിലോൺ വലിച്ചെറിയപ്പെടും. ഭൂമിയിൽ വധിക്കപ്പെട്ട സകല നീതിമാന്മാരുടെയും രക്തത്തിന് അവളോടു പ്രതികാരം ചെയ്യപ്പെടും.


സ്വർഗ്ഗമേ, വിശുദ്ധരേ സന്തോഷിക്കുവിൻ. ദൈവം തന്റെ വിധി പ്രസ്താവിച്ചു കഴിഞ്ഞു.


ലോകം മുഴുവൻ അടക്കി ഭരിച്ചിരുന്ന മഹാ നഗരമല്ലേ ഇത്! ഒരു വിനാഴികകൊണ്ട് ഈ വിധം തകർന്നുപോയതെങ്ങനെ?
ഇനി ആരാണ് നമ്മുടെ സുഖഭോഗവസ്തുക്കൾ വാങ്ങുക!



ഇതാ കുഞ്ഞാടിന്റെ വിവാഹം ആസന്നമായിരിക്കുന്നു. വിശുദ്ധരുടെ സൽപ്രവൃത്തികളാകുന്ന മൃദുല വസ്ത്രം അണിഞ്ഞു നില്ക്കുന്ന സഭയാണ് നീ കാണുന്ന വധു. വിവാഹവിരുന്നിന് ക്ഷണിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ.


അപ്പോൾ മറ്റൊരു ദർശനമുണ്ടായി.


ലോകജനതകളേ, ആകാശപ്പറവകളേ, വന്യമൃഗങ്ങളേ, വരുവിൻ. കർത്താവ് ഒരുക്കിയ വിരുന്നിൽ പങ്കുചേരുവിൻ. ജനതകളെ വഴിതെറ്റിക്കുകയും വിശ്വാസികളെ പീഡിപ്പിക്കുകയും ചെയ്ത മൃഗത്തിന്റെ മാംസം ഭക്ഷിക്കുവിൻ.
അപ്പോൾ മറ്റൊരു ദൂതൻ
പുരാതന സർപ്പമായ സാത്താൻ. ആയിരം വർഷത്തേക്കു നീ പാതാളത്തിൽ കിടക്കുക. നിന്നെ നശിപ്പിക്കാനുള്ള സമയമാകുന്നതുവരെ ഇനി ആരെയും വഞ്ചിക്കരുത്.


യേശുവിനു നല്കിയ സാക്ഷ്യത്തെപ്രതി വധിക്കപ്പെട്ട വർക്കു ജീവൻ ലഭിച്ചു. അവർ ആയിരം വർഷം അവ നോടു കൂടെ വാണു.


ആയിരം വർഷം തിക ഞ്ഞപ്പോൾ സാത്താൻ മോചിപ്പിക്കപ്പെട്ടു.


സാത്താൻ സകല അധർമ്മികളെയും ഒരുമിച്ചു കൂട്ടി വിശുദ്ധരുടെ നഗരത്തെ വളഞ്ഞു.


സ്വർഗ്ഗത്തിൽനിന്ന് അഗ്നിയിറങ്ങി അവരെ ദഹിപ്പിച്ചു. സാത്താൻ അഗ്നിത്തടാകത്തിലേക്ക് എറിയപ്പെട്ടു.
സാത്താൻ, നീയും നിന്റെ സകല അനുയായികളും ഈ അഗ്നിത്തടാകത്തിൽ നിത്യമായി എരിയുക. നിനക്കിനി മോചനമില്ല.
അതിനുശേഷം
എല്ലാം നവീകരിക്കപ്പെട്ടിരിക്കുന്നു. അതാ, ദൈവം അതാ, ദൈവം സൃഷ്ടിച്ച പുതിയ ആകാശവും പുതിയ ഭൂമിയും.
മനുഷ്യരോടൊന്നിച്ച് എന്നേക്കും വസിക്കാനായി ദൈവം നിർമ്മിച്ച കൂടാരമാണത്. അവിടെ ദുഃഖമോ വേദനയോ ഇല്ല. രോഗമോ മരണമോ ഇല്ല.
എല്ലാ മിഴികളിൽ നിന്നും ദൈവം കണ്ണീർ തുടച്ചു മാറ്റും.


നഗരത്തിനുള്ളിൽ
ഇതാ സ്വർഗ്ഗം. കുഞ്ഞാടായ യേശുക്രിസ്തുവാണ് ഇതിന്റെ പ്രകാശവും ജീവനും. ജീവജലത്തിന്റെ അരുവിയും ജീവന്റെ വൃക്ഷവും. ഇതാ എല്ലാവർക്കുമായി നല്കപ്പെട്ടിരിക്കുന്നു.
!
അല്പസമയം കൂടി പിടിച്ചു നില്ക്കുവിൻ ഇതാ ഞാൻ വേഗം വരുന്നു.
കർത്താവായ യേശുവേ, വരണമേ. കർത്താവായ യേശുവിന്റെ കൃപ എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

# ചോദ്യങ്ങൾ

1. വെളിപാടു പുസ്തകം എഴുതപ്പെട്ട സാഹചര്യം വിവരിക്കുക.
2. വെളിപാടു പുസ്തകത്തിന്റെ മുഖ്യലക്ഷ്യം എന്ത്?
3. മനുഷ്യപുത്രദർശനത്തിലെ വാൾ, നക്ഷത്രങ്ങൾ, ദീപപീഠങ്ങൾ എന്നിവ എന്തിനെ സൂചിപ്പിക്കുന്നു?
4. വെളിപാടുപുസ്തകത്തിലെ ഏഴു സഭകളുടെ പേരുപറയുക.
5. ദൈവത്തിന്റെ കൈയിലെ ചുരുൾ നിവർത്തുന്നത് എന്തിനെ സൂചിപ്പിക്കുന്നു?
6. വെള്ളവസ്ത്രം എന്തിന്റെ അടയാളമാണ്?
7. 144,000 പേർ ആരുടെ പ്രതീകമാണ്?
8. ഭീകരചിത്രങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?
9. നക്ഷത്ര കിരീടമണിഞ്ഞ സ്ത്രീ ആരുടെ പ്രതീകമാണ്?
10. മഹാവേശ്യയായ ബാബിലോൺ എന്തിനെ സൂചിപ്പിക്കുന്നു?